ഉത്തരം

ബോർഡിന്റെ ഉത്തരവുപ്രകാരം അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങൾ അനുസരിച്ചു മാത്രമേ വൈദ്യുതി പോസ്റ്റുകളിലൂടെ കേബിളുകൾ വലിക്കുവാൻ അനുവാദം നൽകാറുള്ളൂ. കെ.എസ്.ഇ.ബി. ലിമിറ്റഡുമായി കരാറിൽ ഏർപ്പെടാത്ത കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ കേബിളുകൾ പോസ്റ്റിൽ നിന്നും അഴിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

അനെർട്ട് വഴിയുള്ള സേവനങ്ങൾ

42 (3195) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) അനെർട്ട് വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാരമ്പര്യേതര മാർഗ്ഗങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് എത്ര പേർക്ക് അനെർട്ടിൽ നിന്നും സേവനം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ;

(സി) സൗരോർജ്ജ വിളക്കുകൾ, സൗരറാന്തൽ, സൗരോർജ്ജ തെരുവ് വിളക്കുകൾ, സൗരോർജ്ജ പ്ലാന്റുകൾ അടക്കമുള്ള എത്ര ഉപകരണങ്ങൾ ഈ കാലയളവിൽ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ ഓരോ ഉപകരണത്തിനും വാങ്ങുന്ന വിലയും സബ്സിഡിയും എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിൽ അനെർട്ട് വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാരമ്പര്യേതര ഊർജ്ജ മേഖലയിൽ അനെർട്ട് നടപ്പിലാക്കിവരുന്ന 10,000 റൂഫ് ടോപ്പ് സോളാർ പദ്ധതി വഴി സംസ്ഥാനത്തിടനീളം 7100 ഓളം 1 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുകയും അതിൽ അനെർട്ടിന്റെ സാങ്കേതിക പരിശോധനയ്ക്കുശേഷം 5615 സൗരപ്ലാന്റുകൾക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെയായി 14700 ഓളം അപേക്ഷകൾ ലഭിച്ചിട്ടുള്ള ഈ പദ്ധതി തുടർന്നും പുരോഗമിച്ചുവരുകയാണ്. 12 മെഗാവാട്ട് സ്ഥാപിതശേഷി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യമിട്ട് അനെർട്ട് നടപ്പിലാക്കി വരുന്ന ശൃംഖലാ ബന്ധിത വൈദ്യുതോല്പാദന പദ്ധതിയായ സോളാർ കണക്ട് വഴി 2 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള സൗരപ്ലാന്റ് സ്ഥാപിക്കുന്നതിന് നാളിതുവരെയായി 711 ഓളം അപേക്ഷകൾ (11 മെഗാവാട്ട്) ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർനടപടികൾ പുരോഗമിക്കുകയാണ്. അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് സൗരോർജ്ജ പാനലുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. ഇതുവരെ 61321 സൗരോർജ്ജ പാനലുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 1191 സൗരോർജ്ജ തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്ത സൗരോർജ്ജ തെരുവ് വിളക്കുകളുടെയും, സൗരോർജ്ജ പാനലുകളുടെയും, റൂഫ് ടോപ്പ് സോളാർ പ്ലാന്റുകളുടെയും ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 2,3,4 ആയി ചേർക്കുന്നു.

(ഡി) ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന 2013-14 സ്കീം പ്രകാരമുള്ള സൗരോർജ്ജ പാനലുകളുടെ വില വിവരം താഴെ ചേർക്കുന്നു:

സംസ്ഥാന സർക്കാരിന്റെ സബ്സിഡി	-	750/-
ഗുണഭോക്തൃ വിഹിതം	-	1520/-
ആകെ വില		2270/-

2014-15-ലെ ഭരണാനുമതി പ്രകാരം പുതുതായി വിളിച്ച ടെണ്ടർ അനുസരിച്ചുള്ള വിശദാംശം താഴെ പറയും പ്രകാരമാണ്.

1. സോളാർ സി.എച്ച്.എൽ. പാനലിന്റെ വില – 2190

   സബ്സിഡി

   ജനറൽ വിഭാഗം - 500

   എസ്സി./എസ്റ്റി./ബി.പി.എൽ./ഹിഷർമെൻ - 1000

2. സോളാർ എൽ.ഇ.ഡി. പാനലിന്റെ വില - 2230

   സബ്സിഡി

   ജനറൽ വിഭാഗം - 500

   എസ്സി./എസ്റ്റി./ബി.പി.എൽ./ഹിഷർമെൻ - 1000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. സൗരോർജ്ജ പവർ പ്ലാന്റുകൾ

സബ്സിഡി

കേന്ദ്ര ഗവൺമെന്റ് - 53262/-

സംസ്ഥാന ഗവൺമെന്റ് - 39000/-

സൗരോർജ്ജ പവർ പ്ലാന്റുകളുടെ വിലയെ സംബന്ധിക്കുന്ന വിശദാംശം അനുബന്ധം-5* ആയി ചേർത്തിരിക്കുന്നു.

സൗരോർജ്ജ പാനലുകൾ

43 (3196) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതിയുടെ കനാലിന് മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ പദ്ധതി തുടങ്ങിക്കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്. കണ്ണൂർ ജില്ലയിലെ ബാരപ്പോൾ ചെറുകിട വൈദ്യുത പദ്ധതിയോടനുബന്ധിച്ചുള്ള കനാലിനു മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുവാൻ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതി തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വഴി രണ്ട് മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly